"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വ്യവസായ വകുപ്പ് - മൈനിംഗ് & ജിയോളജി - 2015 ലെ കെ.എം. എം. സി. ചട്ടങ്ങൾ പ്രകാരം - ശ്രീമതി.പൊടോര നാരായണി, W/o വെളുത്തമ്പു, പുതിയകണ്ടം, ചെറുവത്തൂർ എന്നയാൾ സമർപ്പിച്ച അപ്പീൽ അപേക്ഷ- തീർപ്പാക്കി- ഉത്തരവാകുന്നു.

---

**വ്യവസായ വകുപ്പ്**

സ.ഉ.(സാധാ) നം.675/2026/ID തീയതി,തിരുവനന്തപുരം, 25-06-2026

---

പരാമർശം:-

1. കാസ്രഗോഡ് ജില്ലാ ജിയോളജിസ്റ്റിന്റെ 26/5/2025 ലെ DOKAS-DMG/322/2023-M നമ്പർ ഡിമാന്റ് നോട്ടീസ്
2. ശ്രീമതി.പൊടോര നാരായണി, W/o വെളുത്തമ്പു, പുതിയകണ്ടം, ചെറുവത്തൂർ എന്നയാൾ സമർപ്പിച്ച അപ്പീൽ അപേക്ഷ
3. ഡയറക്ടർ, മൈനിംഗ് & ജിയോളജിയുടെ 10/5/2026 ലെ ഡി.എം.ജി/797/2026-എം6 നമ്പർ റിപ്പോർട്ട്

**<u>ഉത്തരവ്</u>**

കാസർഗോഡ് ജില്ലയിൽ ഹൊസ്ദുർഗ്ഗ് താലൂക്കിലെ ചെറുവത്തൂർ വില്ലേജിലെ റി.സർവ്വെ 117/15, 117/22 ൽ പ്പെട്ടതും ഹർജിക്കക്ഷിയുടെ കൈവശാവകാശ ത്തിലുള്ളതുമായ സ്ഥലത്ത് നിന്നും അനധികൃതമായി സാധാരണ മണ്ണ് ഖനനം ചെയ്ത് നീക്കം ചെയ്തതായി പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ നടത്തിയ സ്ഥല പരിശോധനയിൽ മേപ്പടി സ്ഥലത്തുനിന്നും അനധികൃതമായി ഖനനം ചെയ്തതായി കണ്ടെത്തിയ 2280 ക്യുബിക് മീറ്റർ സാധാരണ മണ്ണിന്, റോയൽറ്റിയിനത്തിൽ 91,200/-രൂപയും (ക്യൂബിക് മീറ്ററിന് 40/- രൂപ നിരക്കിൽ), വിലയിനത്തിൽ 1,82,400/- രൂപയും (ക്യൂബിക് മീറ്ററിന് 40/-രൂപ നിരക്കിൽ, റോയൽറ്റിയുടെ 2 മടങ്ങ്) കോമ്പൗണ്ടിംഗ് ഫീ ഇനത്തിൽ 25,000/- രൂപയും ചേർത്ത് ആകെ 2,98,600/- (രണ്ട് ലക്ഷത്തി തൊണ്ണൂറ്റിഎട്ടായിരത്തി അറുന്നൂറ് രൂപ മാത്രം) ഹർജിക്കക്ഷി സർക്കാരിലേക്ക് ഒടുക്കാൻ ബാധ്യസ്ഥനാണ് എന്ന് അറിയിച്ചുകൊണ്ട് പരാമർശം (1) പ്രകാരം കാസർഗോഡ് ജില്ലാ ജിയോളജിസ്റ്റ് നൽകിയ ഡിമാന്റ് നോട്ടീസിനെതിരെയാണ് പരാമർശം (2) പ്രകാരം ശ്രീമതി.പൊടോര നാരായണി അപ്പീൽ ഹർജി സമർപ്പിച്ചത്. അപ്പീൽ ഹർജിയുമായി ബന്ധപ്പെട്ട് വ്യവസായ വകുപ്പ് അഡീഷണൽ സെക്രട്ടറി നടത്തിയ ഹിയറിംഗിൽ അപ്പീൽ കക്ഷിക്ക് വേണ്ടി , കക്ഷി ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീ.രതീഷ്കുമാറും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും പങ്കെടുത്തു..

2. അപ്പീൽ കക്ഷിക്ക് വേണ്ടി ഹാജരായ വ്യക്തി ചുവടെ ചേർക്കും പ്രകാരം കാര്യങ്ങൾ ബോധിപ്പിച്ചു.

അപ്പീൽ കക്ഷി പ്രായം ചെന്നതും വിധവയുമാണെന്നും 2010-11-ൽ ഇ.എം.എസ്

ഭവന പദ്ധതി പ്രകാരം ലഭിച്ച ധന സഹായം ഉപയോഗിച്ച് ഭവന നിർമ്മാണം നടത്തിയെന്നും ആ സമയത്ത് ഈ വസ്തു ചരിഞ്ഞ പ്രദേശമായതിനാൽ ഭവന നിർമ്മാണത്തിന് വസ്തു നിരപ്പാക്കുക മാത്രമാണ് ചെയ്തതെന്നും അല്ലാതെ മണ്ണ് വില്പന നടത്തിയിട്ടില്ലെന്നും ടി കാലഘട്ടത്തിന് ശേഷം ഖനനം നടത്തി മണ്ണ് നീക്കം ചെയ്തിട്ടില്ലെന്നും ബോധിപ്പിച്ചു.

3. അപ്പീൽ അപേക്ഷയിന്മേൽ ഡി.എം.ജി ചുവടെ ചേർക്കും പ്രകാരം റിപ്പോർട്ട് ചെയ്തു.

കാസറഗോഡ് ജില്ലയിലെ ഹൊസ്ദുർഗ്ഗ് താലൂക്കിലെ ചെറുവത്തൂർ വില്ലേജിലെ റീ സർവ്വേ നമ്പർ 117/15, 117/22 ൽപ്പെട്ടതും ശ്രീമതി പൊടോര നാരായണി, W/o വെളുത്തമ്പു, പുതിയകണ്ടം, ചെറുവത്തൂർ കാസറഗോഡ് ജില്ല എന്നവരുടെ കൈവശാവകാശത്തിലുള്ള സ്ഥലത്തു നിന്നും അനധികൃതമായി സാധാരണ മണ്ണ് ഖനനം ചെയ്യുന്നതായി ജില്ലാ ആഫീസിൽ ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ സ്ഥലം പരിശോധിച്ചതിൽ ടി സ്ഥലത്തുനിന്നും 16 മീറ്റർ നീളത്തിലും 15 മീറ്റർ വീതിയിലും 9.5 മീറ്റർ താഴ്ചയിലും കൂടി ആകെ 2280 ക്യുബിക് മീറ്റർ സാധാരണ മണ്ണ് അനധികൃതമായി ഖനനം ചെയ്ത് നീക്കം ചെയ്തതായി ജില്ലാ ആഫീസിന് ബോധ്യപ്പെട്ടിരുന്നു. തുടർന്ന് ടി സ്ഥലത്തിൻറെ കൈവശാവകാശിയുടെ വിവരങ്ങൾ ലഭ്യമാക്കുന്നതിന് കോ-ഓർഡിനേറ്റ്സ് സഹിതം ചെറുവത്തൂർ വില്ലേജ് ആഫീസർക്ക് കത്ത് നൽകിയതിൽ കൈവശാവകാശികളുടെ വിവരം ജില്ല ആഫീസിലേക്ക് ലഭ്യമാക്കുകയും ചെയ്തിരുന്നുവെന്നും സ്ഥലമുടമയെ കേൾക്കുന്നതാണെന്ന് അറിയിച്ച് ഹിയറിംങ് നോട്ടീസ് നൽകിയെങ്കിലും സ്ഥലമുടമ ജില്ല ആഫീസിൽ ഹാജരായിട്ടില്ലാത്തതുമാണ്. എന്നാൽ 07.05.2025 തീയതിയായി സ്ഥലമുടമയായ ശ്രീമതി. പൊടോര നാരായണി എന്നവർ ജില്ലാ ആഫീസിൽ സമർപ്പിച്ച മറുപടിയിൽ വീട് നിർമ്മാണാവശ്യത്തിന് കുറച്ചു ഭൂമി നിരപ്പാക്കിയിരുന്നു എന്ന് അറിയിച്ചിരുന്നു .എന്നാൽ ബന്ധപ്പെട്ട അധികാരികളിൽ നിന്നും സമ്പാദിച്ച അനുമതി ഹാജരാക്കുവാൻ സ്ഥലമുടമയ്ക്ക് സാധിച്ചിരുന്നില്ല. ആയത് നിയമപരമായി അംഗീകരിക്കാൻ സാധിക്കാത്തതിനെ തുടർന്ന് ജില്ലാ ആഫീസിൽ നിന്നും നടത്തിയ സ്ഥല പരിശോധനയിൽ മേൽ സ്ഥലത്തുനിന്നും അനധികൃതമായി ഖനനം ചെയ്ത് നീക്കം ചെയ്തതായി കണ്ടെത്തിയ 2280 ക്യുബിക് മീറ്റർ സാധാരണ മണ്ണിന്, റോയൽറ്റി ഇനത്തിൽ 91200/- രൂപയും (ക്യുബിക് മീറ്ററിന് 40/- രൂപ നിരക്കിൽ), വിലയിനത്തിൽ 1,82,400/- രൂപയും (ക്യുബിക് മീറ്ററിന് 40 രൂപ നിരക്കിൽ റോയൽറ്റിയുടെ 2 മടങ്ങ്), കോംമ്പൗണ്ടിംങ് ഫീ ഇനത്തിൽ 25,000/- രൂപയും കൂടി ആകെ 2,98,600/- രൂപ (രണ്ട് ലക്ഷത്തി തൊണ്ണൂറ്റി എട്ടായിരത്തി അറുനൂറ് രൂപ മാത്രം) സർക്കാരിലേക്ക് ഒടുക്കുന്നതിന് രജിസ്റ്റേർഡ് ഡിമാൻ്റ് നോട്ടീസ് നൽകിയെങ്കിലും ടി തുക ഒടുക്കാത്തതിനെതുടർന്ന് റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതിൻറെ ഭാഗമായി ജില്ലാ ജിയോളജിസ്റ്റ് നടപടി ഉത്തരവ് പുറപ്പെടുവിക്കുകയും ആയതിനുശേഷം ജില്ലാ കളക്ടർക്ക് റവന്യൂ റിക്കവറി ഫയൽ ചെയ്തിട്ടുള്ളതാണ് എന്നും സൂചിപ്പിച്ചിട്ടുണ്ട്.

2015 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിൽ നിഷ്കർഷിക്കുന്ന പ്രകാരമുള്ള ഖനനാനുമതികളോ പാരിസ്ഥിതി കാനുമതിയോ സമ്പാദിക്കാതെയാണ് മേൽ സ്ഥലത്തുനിന്നും സാധാരണ മണ്ണ് ഖനനം ചെയ്ത് കടത്തിക്കൊണ്ടു പോയിട്ടുള്ളത്. ടി സാഹചര്യത്തിൽ ശ്രീമതി പൊടോര നാരായണി എന്നയാൾ സർക്കാരിൽ സമർപ്പിച്ച

അപ്പീൽ ഹർജി നിരസിച്ച് മേപ്പടി സ്ഥലത്തുനിന്നും അനധികൃതമായി ഖനനം ചെയ്ത നീക്കിയ സാധാരണ മണ്ണിന്റെ റോയൽറ്റിയും വിലയും കോംമ്പൗണ്ടിങ് ഫീയും സർക്കാരിലേക്ക് ഈടാക്കുന്നതിന് ഉത്തരവുണ്ടാകേണ്ടതാണ് എന്ന് ഡിഎംജി സമർപ്പിച്ച റിപ്പോർട്ടിൽ സൂചിപ്പിച്ചിരിക്കുന്നു.

4. ഹർജി വിഷയം വിശദമായി പരിശോധിച്ചു. 2010-11 ൽ വീട് നിർമ്മാണത്തിനായി മണ്ണ് ഖനനം നടത്തി നിരപ്പാക്കുകയല്ലാതെ അതിന് ശേഷം ഖനനം നടത്തിയിട്ടില്ലെന്ന വാദത്തിന്റെയും ഇതുമായി ബന്ധപ്പെട്ട് ടി കാലഘട്ടത്തിൽ EMS ഭവന നിർമ്മാണ പദ്ധതി പ്രകാരം സഹായ ധനം ലഭിച്ച സാക്ഷ്യപത്രം ഹാജരാക്കിയതിന്റെയും അടിസ്ഥാനത്തിൽ ജില്ലാ ജിയോളജി ഓഫീസിൽ നിന്നും വില്ലേജ് ഓഫീസർക്കൊപ്പം കക്ഷിയുടെ സാന്നിദ്ധ്യത്തിൽ ഒരിക്കൽ കൂടി പ്രസതുത സ്ഥലം പരിശോധന നടത്തി മണ്ണ് നീക്കം ചെയ്തത് ഏത് കാലഘട്ടത്തിലാണെന്ന് ആവശ്യമെങ്കിൽ ശാസ്ത്രീയ സഹായത്തോടെ ഉറപ്പ് വരുത്തി അതിൻപ്രകാരം അനുയോജ്യമായ തുടർ നടപടികൾ, നടപടിക്രമങ്ങൾ പാലിച്ച് സ്വീകരിക്കുവാൻ ജിയോളജിസ്റ്റിന് നിർദ്ദേശം നല്കി അപ്പീൽ ഹർജി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബി അജിത
അഡിഷണൽ സെക്രട്ടറി

ശ്രീമതി.പൊടോര നാരായണി, W/o വെളുത്തമ്പു, പുതിയകണ്ടം, ചെറുവത്തൂർ പോസ്റ്റ് , കാസർഗോഡ് 671313

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഈ) തിരുവനന്തപുരം

ഡയറക്ടർ, മൈനിംഗ് & ജിയോളജി, തിരുവനന്തപുരം

ജില്ലാ ജിയോളജിസ്റ്റ്,, കാസർഗോഡ്

വിവര പൊതുജന സമ്പർക്ക് (വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (എ4/61/2026-വ്യവ)

ഉത്തരവിൻ പ്രകാരം

Signed by
Sabitha B
സെക്ഷൻ ഓഫീസർ
Date: 29-06-2026 12:24:25